# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3966** — **25.06.2014**-ൽ മറുപടിക്ക്

## 'ഇ-ഹെൽത്ത് പ്രോഗ്രാം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഹെൽത്ത് പ്രോഗ്രാമിനായി ഈ സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ട്; | (എ) ഇ-ഹെൽത്ത് പദ്ധതിക്കായി സംസ്ഥാന സർക്കാർ തുകയൊന്നും മാറ്റിവച്ചിട്ടില്ല. |
| (ബി) ഇ-ഹെൽത്ത് പ്രോഗ്രാമിനായി എത്ര തുക കേന്ദ്രം അനുവദിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) ഇ-ഹെൽത്ത് പ്രോഗ്രാമിനായി കേന്ദ്ര സർക്കാർ 86.6945 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 43.34725 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ, ഏഴ് ജില്ലകൾക്കാവശ്യമായ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കാസർഗോഡ്) ഹാർഡ് വെയർ, ആരോഗ്യസ്ഥാപനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനാവശ്യമായ കണക്റ്റിവിറ്റി, കേന്ദ്രീകൃത സെർവർ സംവിധാനം, ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം, ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവയ്ക്കാണ് തുക അനുവദിച്ചത്. |
| (സി) ഇ-ഹെൽത്ത് പ്രോഗ്രാമിലൂടെ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ആരോഗ്യ മേഖലയിൽ നടപ്പിലാക്കുക എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ: | (സി) <u>താഴെ പറയുന്ന സംവിധാനങ്ങളാണ് ഈ പ്രോഗ്രാമിലൂടെ നടപ്പിലാക്കുന്നത്.</u><br>1. കേരളത്തിലെ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഒരു കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക |

2. കേരളത്തിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ ഗവ. മെഡിക്കൽ കോളേജുകളിലും ഒരു വൈഡ് ഏര്യാ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക

3. കേരളത്തിലെ പൊതുമേഖലയിലുള്ള എല്ലാ ആശുപത്രികളിലും (അലോപ്പതി) ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും കംപ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക

4. മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കംപ്യൂട്ടറിൽ സൂക്ഷിക്കുക. പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും എത്തുമ്പോൾ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

| | | | |
|---|---|---|---|
| (ഡി) | ഇ-ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (ഡി) | ഇ-ഹെൽത്ത് പ്രോഗ്രാമിന്റെ നടത്തിപ്പിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. തിരുവനന്തപുരം ജില്ലയിലെ എല്ലാ അലോപ്പതി ആരോഗ്യ സ്ഥാപനങ്ങളിലും കെൽട്രോൺ മുഖേന ഇൻഫ്രാസ്ട്രക്ചർ സർവ്വേ പൂർത്തീകരിക്കുകയും മറ്റു ജില്ലകളിലെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>2. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിനു വേണ്ടി ഇ-ടെണ്ടർ സംവിധാനത്തിലൂടെ Request for Proposal (RFP) ക്ഷണിക്കുകയും ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 20.06.2014, 11 മണിയായി നിശ്ചയിക്കുകയും ടെണ്ടറുകൾ തുറക്കുന്നതിനുള്ള തീയതി 24.06.2014 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**